## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. സജി കുമാറിന്റെ ഭാര്യയുടെ ചികിൽസയ്ക്ക് ചെലവായ തുക - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2433/2014/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,18/09/2014**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 18/11/2013 , 12/03/2014 തീയതികളിലെ എഫ്2-40366/13 നമ്പർ കത്തുകൾ.
2) ശ്രീ. സജികുമാറിന്റെ 26/06/2014 ലെ അപേക്ഷ.
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05/02/2014 ലെ MH5/4478/13/DHS/നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. സജികുമാറിന്റെ ഭാര്യയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ വൃക്ക സംബന്ധമായ അസുഖത്തിന് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ ₹ 1,69,581/- (രൂപ ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്നു മാത്രം) അനുവദനീയമാണെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. സജികുമാറിന്റെ ഭാര്യയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ വൃക്ക സംബന്ധമായ അസുഖത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ രൂപ ₹1,35,665/- (രൂപ ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ. സജികുമാറിന്റെ ഭാര്യയുടെ ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ രൂപ ₹1,35,665/- (രൂപ ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് മാത്രം) ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവു വരുത്തി ബാലരാമപുരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകന് അനുവദിക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സജികുമാർ, ഫുൾടൈം സ്വീപ്പർ, ബാലരാമപുരം ഗ്രാമ പഞ്ചായത്ത്
ബാലരാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (09/072014 ലെ യു.ഒ 58027/WW3/2013/ഫിൻ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ